**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 45** **12-10-2026-ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമത്തിനായി ആരംഭിച്ച പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വഴിയുള്ള വിമാനങ്ങളുടെ നിരക്ക് നിയന്ത്രിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

**മറുപടി:** വിമാന നിരക്ക് സംബന്ധമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കേന്ദ്രസർക്കാരാണ്. ഇക്കാര്യത്തിൽ ഇടപെടുന്നതിൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**(ബി)** നോർക്ക കെയർ പ്ലസ് ഇൻഷ്വറൻസ് പദ്ധതിയിൽ ഇതുവരെ എത്ര ആൾക്കാർ അംഗത്വം എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

**മറുപടി:** നോർക്ക കെയർ പ്ലസ് ഇൻഷ്വറൻസ് പദ്ധതിയിൽ നാളിതുവരെ 95580 പേർ അംഗത്വം എടുത്തിട്ടുണ്ട്.

**(സി)** നോർക്ക കെയർ പ്ലസ് ഇൻഷ്വറൻസ് പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിന് വീണ്ടും അവസരം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

**മറുപടി:** നോർക്ക കെയർ പ്ലസ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം എടുക്കുന്നതിന് മാർച്ച് 14 മുതൽ ഏപ്രിൽ 15 വരെ സമയം നൽകിയിരുന്നു. പുതിയ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രവാസി സമൂഹത്തിന്റെ അഭ്യർത്ഥന മാനിച്ച് നോർക്ക കെയർ പ്ലസ് പദ്ധതിയിൽ വീണ്ടും എൻറോൾമെന്റ് ചെയ്യുന്നതിനായി ആഗസ്റ്റ് 17 മുതൽ സെപ്റ്റംബർ 18 വരെ പോർട്ടൽ ഓപ്പൺ ചെയ്തു നൽകിയിരുന്നു.

**സെക്ഷൻ ഓഫീസർ**